**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2234 | 23.03.2012 ൽ മറുപടിയ്ക്ക് |
|---|---|

**ഗാർഹിക പീഡനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഗാർഹിക പീഡനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കു-ന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) സംസ്ഥാനത്ത് ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്നതിനായി ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം,2005 നടപ്പിലാക്കിയിട്ടുണ്ട്. വനിതകൾക്ക് സമത്വം, സ്വാതന്ത്ര്യം തുടങ്ങിയ അവകാശങ്ങൾ, ജീവിക്കാനുള്ള അവകാശം, ജോലി സ്വീകരിക്കാനുള്ള അവകാശം, വിവേചനങ്ങൾക്കെതിരെയുള്ള സംരക്ഷണത്തിനുള്ള അവകാശം തുടങ്ങി ഭരണഘടന വാഗ്ദാനം ചെയ്തിട്ടുള്ള മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിനും, അവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും, കുടുംബത്തിനുള്ളിൽ സംഭവിക്കുന്ന ആക്രമം, വിവേചനം തുടങ്ങിയവയിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനുമാണ് ഈ നിയമം നടപ്പിലാക്കിയിട്ടുള്ളത്.<br>പ്രസ്തുത നിയമം പ്രകാരം ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>• പരാതിക്കാരിക്ക് സംരക്ഷണ ഉത്തരവ്, സാമ്പത്തിക പരിഹാരം, കസ്റ്റഡി ഉത്തരവ്, താമസ സൗകര്യത്തിനുള്ള ഉത്തരവ്, നഷ്ട പരിഹാരം എന്നിവയിലൊന്നോ അതിൽ കൂടുതലോ പരിഹാരങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷകൾ സ്വീകരിച്ചു വരുന്നുണ്ട്.<br>• ജില്ലകൾ തോറും സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ ലഭ്യമാണ്. |

| | | |
|---|---|---|
| | | • പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സേവനം അതാത് ജില്ലകളിൽ ലഭ്യമാണ്.<br>• സൗജന്യ നിയമസഹായവും കൗൺസിലിംഗ് സെന്ററുകളും ലഭ്യമാണ്.<br>• പരാതിക്കാരിക്ക് അഭയം നൽകുന്നതിന് ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്.<br>• പരാതിക്കാരിക്ക് മെഡിക്കൽ ചികിത്സാ സംവിധാനം ലഭ്യമാണ്. |
| (ബി) | ഇത്തരത്തിൽപ്പെട്ടവരെ സഹായിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്ക് ഒരു വർഷത്തേക്ക് എത്ര തുകയാണ് നൽകുന്നത്; | (ബി) 2011-12 സാമ്പത്തിക വർഷം 75 സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾക്കായി 89,500/- രൂപ വീതം ആകെ 67,12,500/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത തുകകൊണ്ട് മേൽ സെന്ററുകൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ തുക വർദ്ധിപ്പിച്ചു കൊടുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ